"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- മുനിസിപ്പൽ കോമൺ സർവ്വീസ് - കോട്ടയം നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ഹെൽത്ത് സൂപ്പർവൈസറായിരിക്കെ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള ശ്രീ ടോമി തോമസിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.664/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/03/2021

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.11.2014 തീയതിയിലെ ഇ5(എസ്.സി 35/2014/ERK) 27147/2014 നം. കത്ത്

2 29.03.2016 തീയതിയിലെ ഇയു2/41/2016/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 31.12.2018തീയതിയിലെ ഇയു2/41/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 26.02.2020 തീയതിയിലെ സ.ഉ(സാധാ) നം.477/2020/തസ്വഭവ

5 കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 23.11.2020 തീയതിയിലെ ജി1-1116/20നമ്പർ അന്വേഷണ റിപ്പോർട്ട്

ഉത്തരവ്

കോട്ടയം നഗരസഭയിൽ അനധികൃതമായി അറവുശാല പ്രവർത്തിക്കുന്നത് സംബന്ധിച്ച പരാതിപ്രകാരം, സോൺ സി മേഖലയിൽ പ്രവർത്തിച്ചു വരുന്ന അറവുശാലയിൽ 24/09/14 ൽ വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ നിയമാനുസൃതമല്ലാതെയും അനാരോഗ്യകരമായ അവസ്ഥയിലും അറവുശാല പ്രവർത്തിക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് ആയതിന് ഉത്തരവാദികളെന്ന് വിജിലൻസ് കണ്ടെത്തിയ ടി നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസറായ ശ്രീ . ടോമി തോമസ്, ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ.സുധീപ്, ശ്രീ.രാജേഷ് എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയുണ്ടായി. ആയതിന് ടി ജീവനക്കാർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം പരിശോധിക്കുകയും ഹെൽത്ത് സൂപ്പർവൈസറായ ശ്രീ ടോമി തോമസ്, ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ.സുധീപ്, ശ്രീ.രാജേഷ് എന്നിവരുടെ ഭാഗത്ത് നിന്നും ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുള്ളതായി കണ്ടതിനാൽ ടിയാളുകൾക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി, ശ്രീ.സുധീപ്, ശ്രീ. രാജേഷ് എന്നിവരുടെ മൂന്നു ഇൻക്രിമെന്റുകൾ സഞ്ചിത ഫലത്തോടെയല്ലാതെ മൂന്ന് വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുകയും ഹെൽത്ത് സൂപ്പർവൈസറായ ശ്രീ . ടോമി തോമസ് 31/12/2016 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ കേരള സർവ്വീസ് റൂൾ ഭാഗം 3 ചട്ടം 3 പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്ന് 1000/- രൂപ 3 വർഷത്തേക്ക് കുറവ് വരുത്തുന്നതിനായി താൽക്കാലിക തീരുമാനമെടുത്ത് പരാമർശം 3 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി .

2. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.ടോമി തോമസ് സമർപ്പിച്ച മറുപടിയിൽ തന്റെ ഭാഗത്ത് നിന്നും ആരോപണവിഷയത്തിൽ ക്രമക്കേടുകളൊന്നും ഉണ്ടായിട്ടില്ലാത്തതാണെന്നും ആയതിനാൽ പ്രതിമാസ പെൻഷനിൽ നിന്ന് 1000/- രൂപ കുറവ് വരുത്തുന്നതിനുള്ള തീരുമാനം പുന:പരിശോധിക്കണമെന്നും നേരിൽ കേൾക്കുന്നതിന് അവസരം നൽകണമെന്നും അപേക്ഷിച്ചിരുന്നു. അതിൻപ്രകാരം ശ്രീ ടോമി തോമസിനെ 19.9.2019 ന് രാവിലെ 11.30 ന് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

3. നേരിൽ കേട്ട സമയത്തെ ശ്രീ. ടോമി തോമസിന്റെ വിശദീകരണവും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടും പരിശോധിച്ചതിൻപ്രകാരമുള്ള ഹിയറിംഗ് ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. ടോമി

തോമസിനെതിരായ അച്ചടക്കനടപടിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം 4 പ്രകാരം ഉത്തരവായിരുന്നു.

4. കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച പരാമർശം 5 അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം, കോട്ടയം നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ടോമി തോമസ്സിനെതിരെയുള്ള ആരോപണങ്ങളിൽ ടിയാന് നൽകിയ കുറ്റാരോപണമെമ്മോ, ടിയാന്റെ മൊഴി കോട്ടയം നഗരസഭയിൽ ടി വിഷയം സംബന്ധിച്ച രേഖകൾ/രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും അറവുശാല സ്വകാര്യ കുത്തകകൾ ലേലത്തിൽ പിടിച്ചിട്ടുള്ളതിനാലും മീറ്റ് സ്റ്റാളുകൾക്ക് നിശ്ചിത ഫീസ് ഈടാക്കി ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ളതിനാലും ബുച്ചർമാർക്ക് ലൈസൻസ് ഫീ ഈടാക്കി മാത്രം ലൈസൻസ് നൽകിയിട്ടുള്ളതിനാലും ടി വിഷയത്തിൽ നഗരസഭയ്ക്ക് റവന്യൂ നഷ്ടം വന്നിട്ടില്ലാത്തതും കെട്ടിടത്തിന്റെ ശോചനീയാവസ്ഥ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് വിജിലൻസ് അന്വേഷണത്തിനുമുമ്പ് തന്നെ അറിയിച്ചിട്ടുള്ളതും, ഏതാണ്ട് നഗരസഭയോളം തന്നെ പ്രായമുള്ളതും പരിമിതമായ സൗകര്യത്തിൽ മാത്രം പ്രവർത്തിച്ചിരുന്ന അറവുശാലയാണിത് എന്നതും കൂടി കണക്കിലെടുക്കുമ്പോൾ, വിജിലൻസ് പരിശോധന കാലയളവിൽ കോട്ടയം നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ടോമി തോമസ്സ് തന്റെ കൃത്യനിർവ്വഹണത്തിൽ മന:പൂർവ്വ വീഴ്ച വരുത്തിയിട്ടില്ലാത്തതിനാൽ ടിയാനെ കുറ്റവിമുക്തനാക്കാവുന്നതുമാണ് എന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട്ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ കോട്ടയം നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ടോമി തോമസ്സിന്റെ പെൻഷനിൽ നിന്ന് കുറവുവരുത്തുവാൻ തക്കവണ്ണം കൃത്യനിർവ്വഹണത്തിൽ മന:പൂർവ്വം വീഴ്ച വരുത്തിയതായി കണ്ടെത്താൻ കഴിയാത്തതിനാലും ടി വിഷയത്തിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം വന്നിട്ടില്ലാത്തതിനാലും ടിയാൻ 2016ൽ വിരമിച്ചിട്ടുള്ള സാഹചര്യത്തിലും, കോട്ടയം നഗരസഭയിൽ അനധികൃതമായി അറവുശാല പ്രവർത്തിക്കുന്നത് സംബന്ധിച്ച പരാതിപ്രകാരം, സോൺ സി മേഖലയിൽ പ്രവർത്തിച്ച വരുന്ന അറവുശാലയിൽ 24/09/14 വിജിലൻസ് നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ കോട്ടയം നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസറായിരിക്കെ 31/12/2016 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള ശ്രീ.ടോമി തോമസ്സിനെതിരായി ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ.ടോമി തോമസ്, ഹെൽത്ത് സൂപ്പർവൈസർ(റിട്ട.), കോട്ടയം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്(04.03.2021 തീയതിയിലെ വിജി-ഡി1/71/2021-വിജി നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ